**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 303      03.02.2020 - ൽ മറുപടിയ്ക്ക്

## മിശ്രവിവാഹിതർക്കായുള്ള ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി.ജോർജ്ജ് | കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | മിശ്രവിവാഹിതർക്കായുള്ള ധനസഹായത്തിനായി കോട്ടയം ജില്ലയിലെ എത്ര അപേക്ഷകൾ സാമൂഹ്യനീതി വകുപ്പിന്റെ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 136 അപേക്ഷകൾ |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കോട്ടയം ജില്ലയിലെ എത്ര അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട അപേക്ഷകൾ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ സ്വീകരിക്കുകയോ നേരിട്ട് ധനസഹായം അനുവദിക്കുകയോ ചെയ്യുന്നില്ല. അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ സ്വീകരിച്ച് അർഹതാ വിധേയമായി, കർശനമായ മുൻഗണനാക്രമം പാലിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ധനസഹായം വിതരണം ചെയ്തു വരുന്നു. ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ നിന്ന് ലഭ്യമാക്കുന്ന അപേക്ഷകളുടെ എണ്ണത്തിനനുസരിച്ച് സംസ്ഥാനാടിസ്ഥാനത്തിൽ വർഷം തിരിച്ച് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ബ്ലോക്ക് |

| | | | |
|---|---|---|---|
| | | | എന്നിവയ്ക്കായി മുൻഗണനാക്രമത്തിൽ സാമൂഹ്യനീതി ഡയറക്ടറേറ്റിൽനിന്നും ജില്ലകൾക്ക് തുക അനുവദിച്ച് നൽകുന്നു. |
| (സി) | ഇത്തരം അപേക്ഷകളിൽ തീരുമാനമെടുക്കാനുണ്ടാകുന്ന കാലതാമസം ഒഴിവാക്കി ധനസഹായം എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നടപ്പ് സാമ്പത്തിക വർഷം മിശ്രവിവാഹ ധനസഹായം വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. 2019-20 വർഷത്തെ ധനസഹായം അപേക്ഷകരുടെ മുൻഗണനാക്രമം പാലിച്ച് വിതരണം ചെയ്തു കഴിഞ്ഞപ്പോൾ കോർപ്പറേഷൻ മേഖലയിൽ 2014-15, 2015-16, വർഷങ്ങളിലെ മുഴുവൻ അപേക്ഷകർക്കും 2016-17 വർഷത്തെ 28% അപേക്ഷകർക്കും ധനസഹായം നൽകുവാനും മുനിസിപ്പാലിറ്റി മേഖലയിൽ 2014-15, 2015-16, 2016-17 വർഷങ്ങളിലെ മുഴുവൻ അപേക്ഷകർക്കും 2017-18 ലെ 2 അപേക്ഷകർക്കും ധനസഹായം നൽകുവാനും ബ്ലോക്ക് ലെവലിൽ 2014-15 വർഷത്തെ മുഴുവൻ അപേക്ഷകർക്കും 2015-16 വർഷത്തെ 64% അപേക്ഷകർക്കും ധനസഹായം നൽകുവാനും കഴിഞ്ഞിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**